CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# സഭയ്ക്ക് ഇടതിനോട് ഐക്യം വേണ്ട !

ഫാ. റാഫേൽ ചിറ്റിലപ്പിള്ളി

Christian Musicological Society of India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# സഭയ്ക്ക് ഇടതിനോട് ഐത്തം വേണ്ട!

ഈയിടെയായി നേതൃത്വനിരയിലുള്ള ബുദ്ധിജീവികളും രാഷ്ട്രീയമേധാവികളും പല സഭാധ്യക്ഷന്മാരും ഇടതുപക്ഷപാർട്ടികളെക്കുറിച്ച് അനുഭാവപൂർവ്വം ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു. പരസ്യപ്രസ്താവനകൾ പ്രസിദ്ധീകരിച്ചിരിക്കുന്നു. പണ്ടത്തെ നിഷേധാത്മക ഭാവം പാടേ മാറി; പകരം അഭിമതാത്മകഭാവം കനത്തുവന്നിരിക്കുന്നു! പ്രമാണപ്പെട്ട പ്രസ്താവനകൾ ശ്രദ്ധേയങ്ങളാണ്: "കത്തോലിക്കാസഭയ്ക്ക് ഇടതുപക്ഷവുമായി അകൽച്ചയില്ല. വർഷങ്ങൾക്കുമുമ്പ് കത്തോലിക്കാസഭയ്ക്ക് ഇടതുപക്ഷത്തോടും മറിച്ചും ഉണ്ടായിരുന്ന അകൽച്ച ഇപ്പോഴില്ല. ഇടതുപക്ഷം ദൈവനിഷേധത്തിലൂന്നിയ സമീപനം സ്വീകരിച്ചതിനാൽ സഭയും അവരും തമ്മിൽ അകൽച്ച നിലനിന്നിരുന്നു. അതു പ്രത്യയശാസ്ത്രപരമായിരുന്നു. ഇന്ന് പക്ഷേ, ഇടതുപക്ഷപാർട്ടികൾ വളരെയേറെ മാറിയിരിക്കുന്നു. ദൈവം ഇല്ലെന്നും മറ്റും ഇപ്പോൾ അവർ വാദിക്കുന്നില്ല. കഷ്ടപ്പെടുന്നവരെ സംരക്ഷിക്കുന്ന പാർട്ടികളെന്ന നിലയ്ക്ക് വളർന്നിരിക്കുന്നു. കമ്മ്യൂണിസ്ററുകാർ കത്തോലിക്കാസഭയുടെ സുഹൃത്തുക്കളായി മാറുകയാണ്. ബംഗാളിൽ സഭയും പാർട്ടിയും തമ്മിൽ അടുത്തബന്ധം പുലർത്തുന്നു. സ്വകാര്യ മൂലധനത്തെ പാർട്ടി എതിർക്കുന്നില്ല. അവർ മതങ്ങളിൽ വിശ്വസിക്കുന്നു. മതപരമായ ചടങ്ങുകളിൽ പങ്കെടുക്കുന്നു. രക്തവിപ്ലവങ്ങൾക്കും അക്രമങ്ങൾക്കുമായും വാദിക്കുന്ന മാർക്സിസ്റ്റ് നയം മാറി. സമുദായങ്ങൾ എല്ലാ പാർട്ടികളിലും കടന്നു ചെല്ലണം. കത്തോലിക്കാ സമുദായത്തിന്റെ മക്കൾ കേരളത്തിലെ പ്രധാന പാർട്ടി മുന്നണികളായ യു.ഡി.എഫിലും എൽ. ഡി. എഫിലും ഉണ്ടാകണം. ഈ ദൃശ "തിരിച്ചറിവുകൾ" ദിനപ്പത്രങ്ങളിലൂടെ ലഭിച്ചപ്പോൾ "കത്തോലിക്കാ കമ്മ്യൂണിസ്റ്റുകൾ എലിപുന്നെല്ലു കണ്ടു ചിരിക്കുന്നതുപോലെ" ആനന്ദതുന്ദിലരായി. നിരീശ്വര കമ്മ്യൂണിസ്റ്റു പാർട്ടിയിലെ കത്തോലിക്കാ സഭാംഗമായ ഒരു എം. പി. ഹർഷപുളകം പൂണ്ടു. സഭയെ മുക്തകണ്ഠം പുകഴ്ത്തി: സഭ ഇപ്പോൾ യഥാർത്ഥ ചൈതന്യം ഉൾക്കൊണ്ടു. ഇടതുപക്ഷക്കാരായ രണ്ടു എം. പി. മാരെ അംഗീകരിച്ചിരിക്കുന്നു. പ്രത്യേകിച്ചും 'അരിവാൾ - ചുറ്റിക' ചിഹ്നത്തിൽ ലോകസഭാംഗമായി വിജയിച്ച കത്തോലിക്കാ വിശ്വാസിയെയും!"

---

NB: ഈ ലേഖനം 2004 ഒക്ടോബർ 31-ാം തിയ്യതി ഞായറാഴ്ച സൺഡേ ശാലോമിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇതിൽ ചില ഉപശീർഷകങ്ങൾ കൂടി ചേർത്തിട്ടുണ്ട്-ലേഖകൻ



Christian Musicological Society of India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

(ദീപിക 28-6 2004 തിങ്കൾ; മനോരമ 17.07.2004 ശനി)! അന്ധകാരം ശമായി എന്നെങ്കിലും മാറുമോ?

## തിരുസ്സഭപോലെ മാറില്ല

കത്തോലിക്കാ തിരുസ്സഭ ക്രിസ്തുവിന്റെ മതമാണ്. ക്രിസ്തു പഠിപ്പിച്ച അടിസ്ഥാനതത്വങ്ങൾ നിഷേധിച്ചാൽ കത്തോലിക്കാതിരുസ്സഭ ക്രിസ്തുവിന്റെ മതമായിരിക്കില്ല. അതുപോലെ നിരീശ്വരകമ്മ്യൂണിസം മാർക്സിന്റെ മതമാണ്! മാർക്സ് പഠിപ്പിച്ച അടിസ്ഥാന തത്വങ്ങൾ നിഷേധിച്ചാൽ പിന്നെ മാർക്സിസ്റ്റു നിരീശ്വരകമ്മ്യൂണിസമില്ല. കമ്മ്യൂണിസം ഈശ്വരനില്ലാമതമാണ്! ഒരു വിശ്വാസസംഹിതയാണ്. സത്യം പറഞ്ഞാൽ നിരീശ്വര കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു രാഷ്ട്രീയ പാർട്ടിയേയല്ല; ഒരു നിരീശ്വരമതസംവിധാനമാണ്! കത്തോലിക്കാ സഭയുടെ അടിസ്ഥാന സ്വഭാവസിദ്ധാന്തങ്ങൾ (Fundamental Natural Principles) പോലെത്തന്നെയാണ് കമ്മ്യൂണിസത്തിന്റെ അടിസ്ഥാന സ്വഭാവസിദ്ധാന്തങ്ങളും! കത്തോലിക്കാസഭയുടെ സർവ്വപ്രധാനമായ അടിസ്ഥാന സ്വഭാവം ദൈവാസ്തിക്യമാണ്; കമ്മ്യൂണിസത്തിന്റേത് നാസ്തിക്യമാണ്. കത്തോലിക്കാ തിരുസ്സഭയിൽ ദൈവം പിതാവും, മനുഷ്യരെല്ലാം സഹോദരങ്ങളുമാണ്. കമ്മ്യൂണിസത്തിൽ തൊഴിലാളിവർഗ്ഗ സാഹോദര്യവും, മുതലാളിവർഗ്ഗ ശത്രുതയുമാണ്. കത്തോലിക്കാസഭ തീർത്തും അഹിംസാത്മകമാണ്; കമ്മ്യൂണിസം ലക്ഷ്യാനുസൃതം ഹിംസാത്മകമാണ്. കത്തോലിക്കാസഭയ്ക്ക് ലക്ഷ്യവും മാർഗ്ഗവും ഒന്നുപോലെ നീതിപൂർവ്വകമായിരിക്കണം. കമ്മ്യൂണിസത്തിനു ലക്ഷ്യം നന്നായാൽ മതി; മാർഗ്ഗം അന്യായമാകാം! “ലക്ഷ്യം മാർഗ്ഗത്തെ നീതീകരിക്കുന്നു” (The End Justifies means) ഇതാണ് കമ്മ്യൂണിസ്റ്റ് പ്രമാണം!

## നേതൃസ്തംഭങ്ങൾ

മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി സംവിധാനത്തിന്റെ ചതുർ നേതൃസ്തംഭങ്ങളാണ് മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റലിൻ എന്നിവർ. കമ്മ്യൂണിസ്റ്റ് തത്വസംഹിതയുടെ പ്രധാന പ്രണേതാവും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനയിതാവും കാറൽ മാർക്സാണ്. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഉപജനയിതാവാണ് എംഗൽസ്. കമ്മ്യൂണിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ ആവിഷ്കരിക്കുന്നതിൽ മാർക്സിനോടൊപ്പം പ്രവർത്തിച്ച മുഖ്യസഹപ്രവർത്തകനാണ് അദ്ദേഹം. മാർക്സിന്റെയും എംഗൽസിന്റെയും നിരീശ്വരപരമായ കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളെ പ്രവൃത്തിപഥത്തിലെത്തിച്ചത് സോവിയറ്റ് യൂണിയന്റെ രാഷ്ട്രപിതാവും



Christian Musicological Society of India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഒക്ടോബർ വിപ്ലവത്തിന്റെ വിജയശില്പിയും, പ്രഥമ സർവ്വാധിപതിയുമായ വ്ളാഡ്മിർ ലെനിനാണ്. കമ്മ്യൂണിസ്റ്റ് തത്വസംഹിതയുടെ (മാർക്സിസത്തിന്റെ) വിശ്വപ്രസിദ്ധനായ വ്യാഖ്യാതാവും മറ്റാരുമല്ല. ലെനിൻ 1924-ൽ അന്തരിച്ചപ്പോൾ റഷ്യൻ സർവ്വാധിപതിയായത് സഖാവ് ജോസഫ് സ്റ്റലിനായിരുന്നു. ഈശ്വരബോധത്തെ മനുഷ്യഹൃദയങ്ങളിൽ നിന്ന് നിശ്ശേഷം നിർമ്മാർജ്ജനം ചെയ്യുകയെന്നതായിരുന്നു സ്റ്റലിന്റെ സ്ഥിരപ്രതിജ്ഞ!

## ഈശ്വരനെ കീഴ്പ്പെടുത്തും

കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ പ്രമാണങ്ങളടങ്ങിയിരിക്കുന്ന പ്രമുഖ രേഖാഗ്രന്ഥങ്ങളാണ് കാറൽ മാർക്സിന്റെ ദാസ് ക്യാപ്പിറ്റൽ, ലെനിൻ അഥവാ മാർക്സ് - എംഗൽസ് - മാർക്സിസം, Answer to Communism, Religion എന്നിവ. ഈശ്വരനെയും മതത്തെയും സംബന്ധിച്ചുള്ള കമ്മ്യൂണിസ്സത്തിന്റെ ആധികാരിക പഠനങ്ങളിൽ സുപ്രധാനമായവ ഇവിടെ അനുസ്മരിക്കുക അവസരോചിതമാണ്. താത്വികാടിസ്ഥാനത്തിൽ മാർക്സിസ്റ്റ് കമ്മ്യൂണിസം തീർത്തും നിരീശ്വരപരമാണ്; സർവ്വമതങ്ങൾക്കും എതിരാണ്. “മതം മനുഷ്യനെ മയക്കുന്ന കറുപ്പ് (OPIUM) ആകുന്നു!” ഈ മഹദ്വവചനം (DICTUM) മതത്തെ പുരസ്കരിച്ചുള്ള സമ്പൂർണ്ണ മാർക്സിസ്റ്റ് കാഴ്ചപ്പാടിന്റെ മൂലക്കല്ലാണ് (CORNER STONE)! എല്ലാ മതങ്ങളും നശിക്കണം. കമ്മ്യൂണിസം നീണാൾ വാഴണം. ഒരു മാർക്സിസ്റ്റ് സർവ്വാത്മനാ ഭൗതികവാദിയായിരിക്കണം, അഥവാ മത ശത്രുവായിരിക്കണം.” (ലെനിൻ Page 225-231) മാർക്സിന്റെ ചിന്താദർശനങ്ങളുടെയും പ്രബോധനങ്ങളുടെയും തന്ത്രമാണ് (System) മാർക്സിസം (V. I. LENIN P. 17)! “നിങ്ങൾ സർവ്വശക്തിയും ഉപയോഗിച്ച് ഈശ്വരനെന്ന ആശയത്തെകൂടിയും ഉന്മൂലനം ചെയ്യണം” (Answers to Communism P. 15) “ഈശ്വരബോധത്തെ തച്ചുടക്കുക, അപ്പോൾ മനുഷ്യൻ സ്വതന്ത്രനാകും, അവനൊരു ദൈവമാകും” (A. C. Page 12) “ഈ വിശ്വാസത്തിന്റെ അസ്തിത്വത്തിൽ ഒരു സ്രഷ്ടാവിനോ നിയന്താവിനോ സ്ഥാനമില്ല” (എംഗൽസ്) “തത്വത്തിലും പ്രയോഗത്തിലും മാർക്സിസത്തിന്റെയും സ്ഥിതി സമത്വവാദത്തിന്റെയും സ്വാഭാവികവും അഭേദ്യവുമായ ഒരു ഘടകമാണ് നിരീശ്വരത്വം. മതബോധത്തെ ഭൂമുഖത്തുനിന്ന് നിർമ്മാർജ്ജനം ചെയ്യുകയാണ് കമ്മ്യൂണിസത്തിന്റെ ലക്ഷ്യം. “മനുഷ്യരുടെ യഥാർത്ഥ സന്തോഷത്തിന്നാവശ്യം മതബോധത്തെ ഇല്ലാതാക്കുകയാണ്. ഈശ്വരബോധം (മതം) ഇല്ലായ്മ ചെയ്യപ്പെട്ട ഒരു ദിവസം വരും. നവീന സമുദായത്തിനു പക്വത വരുമ്പോൾ



Christian Musicological Society of India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഡി. എഫ്. വിജയിച്ചു.... ജനറൽ അസംബ്ലിയിൽ അദ്ധ്യക്ഷം വഹിച്ച ആർച്ച് ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ ചൂണ്ടിക്കാട്ടി: "വരാൻ പോകുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പും നിയമസഭാതിരഞ്ഞെടുപ്പും മുന്നിൽ കണ്ടുകൊണ്ടാണ് ലത്തീൻ സമുദായം ഈ ചർച്ച സംഘടിപ്പിച്ചിരിക്കുന്നത്. ഭരണമുന്നണിക്ക് നല്കുന്ന പിന്തുണ ബാദ്ധ്യതയായി തോന്നുന്നുവെങ്കിൽ മറ്റു രാഷ്ട്രീയസാധ്യതകൾ ഗൗരവപൂർവ്വം ചിന്തിക്കേണ്ടിവരും." പിറ്റേന്നു 19.06.2005 ഞായറാഴ്ച കൗൺസിൽ യോഗം പാസാക്കിയ രാഷ്ട്രീയപ്രമേയം 20.06.2005 തിങ്കളാഴ്ചയിലെ ദീപിക ഉദ്ധരിച്ചിരുന്നു : "ലത്തീൻ കത്തോലിക്കാസഭയും സമുദായവും കോൺഗ്രസ് ചായ്വ് പുനഃപരിശോധിക്കും. സമുദായത്തിനു പിന്തുണ നല്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളെ പിന്തുണക്കും.... ജനാധിപത്യഭരണക്രമത്തിൽ അധികാരത്തിലുള്ള പങ്കാളിത്തവും വിവിധമേഖലകളിലുള്ളതും ആനുപാതിക പ്രാതിനിധ്യവും സമുദായത്തിന്റെ വളർച്ചക്കു അനിവാര്യമാണ്. ഏതു മുന്നണിയാണോ തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ മുന്നോട്ടു വരുന്നത് അവരുമായി സഹകരിക്കും." കോൺഗ്രസിനെ പ്രമേയം നിശിതമായി വിമർശിച്ചു. അഭിവന്ദ്യപിതാക്കന്മാരുടെ പ്രസ്താവനകളും കൗൺസിൽ പ്രമേയപ്രഖ്യാപനങ്ങളും സന്ദർഭോചിതമായി കൂട്ടിവായിക്കുമ്പോൾ സുബുദ്ധിയുള്ളവർ മനസ്സിലാക്കുക, വരുന്ന തെരഞ്ഞെടുപ്പുകളിൽ ലത്തീൻസഭയും സമുദായവും യു.ഡി.എഫിനെ പാടെ അഗണിക്കും; എൽ. ഡി. എഫി.നെ പരിപൂർണ്ണമായി പരിഗണിക്കുമെന്നുമാണ്! കാരണം, എൽ. ഡി. എഫ്. മാനസാന്തരപ്പെട്ടു. രണ്ടു ലത്തീൻ കത്തോലിക്കരുൾപ്പെടെ മൂന്നു ഇടതുപക്ഷ എം. പി. മാർ ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്തു; ഗദസേമൻതോട്ടത്തിൽ കടന്നുചെന്ന് യേശുവിനെ ചുംബിച്ച യൂദാസ് സ്ക്കറിയോത്തയുടെ മാനസാന്തരം പോലെ! കത്തോലിക്കാസഭാദ്ധ്യക്ഷന്മാരിൽ ചിലരുടെ ഇടതുപക്ഷത്തോടുള്ള സമീപനത്തിലും സഖിത്വത്തിലും സി. പി. എം. സംസ്ഥാനസെക്രട്ടറി സഖാവ് പിണറായി വിജയൻ സന്തുഷ്ടി പ്രകാശിപ്പിച്ചു. തിരുവനന്തപുരം ലത്തീൻ കത്തോലിക്കാമെത്രാപ്പോലീത്തയെ വാനോളം പുകഴ്ത്തി. ദീപികയിൽ 20.06.2005 തിങ്കളാഴ്ച പ്രസ്താവന വന്നു: "ആർച്ച് ബിഷപ്പ് ഡോ. സൂസൈപാക്യത്തിന്റെ അഭിപ്രായം സ്വാഗതാർഹവുമാണ്. ഇടത് പക്ഷത്തോടുണ്ടായിരുന്ന തെറ്റിധാരണ മാറി വരുന്നതു സന്തോഷകരം തന്നെ. ബിഷപ്പ് പറഞ്ഞത് വസ്തുതകളാണ്!" ആർച്ച് ബിഷപ്പ് സൂസൈപാക്യത്തിനു സഖാവ് വിജയന്റെ സർട്ടിഫിക്കറ്റ്! കത്തോലിക്കാ കമ്യൂണിസ്റ്റ് സഖിത്വം



Christian Musicological Society of India

(Fellowship) വിനാവിളംബം പൂവിരിയും. ക്രിസ്തുവിന്റെ കുരിശിന്മേൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് അരിവാൾ ചുറ്റിക ചെങ്കൊടി പിണറായി വച്ചു കെട്ടും. പാറിപ്പറപ്പിക്കും. ശങ്ക വേണ്ട. ഇന്ത്യയുടെ കേന്ദ്രഭരണം എന്നെങ്കിലും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി കൈയ്യടക്കട്ടെ! പിന്നെ സഖാവ് ലെനിൻ മോഡൽ ഭരണമാണ്; ചൈനയിലേതുപോലെ! കമ്മ്യൂണിസ്റ്റ് ഏകാധിപത്യഭരണം! "ജനാധിപത്യം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് നിഘണ്ടുവിലില്ല. വാനോളം പുകഴ്ത്തപ്പെട്ട മെത്രാന്മാർ മാത്രമല്ല, സകല മെത്രാന്മാരും ഇകഴ്ത്തപ്പെടും. സഭയുമില്ല. മെത്രാനുമില്ല. സഭാമക്കളെല്ലാവരും ഇരുമ്പഴിക്കുള്ളിലാകും - സൈബീരിയായിലാകും. അഥവാ കശാപ്പു ചെയ്യപ്പെടും. റഷ്യൻ ചരിത്രം ഓർമ്മ വേണം! ഒരു എളിയ അഭിപ്രായം സവിനയം അവതരിപ്പിക്കാൻ അനുവാദകല്പന അഭിവവന്ദ്യപിതാക്കന്മാരോടു അപേക്ഷിക്കുന്നു: ഇത് കമ്മ്യൂണിസ്റ്റ് രാഷ്ട്രീയമാണ്. മാർക്സിസമാണ് - റഷ്യ, കിഴക്കൻ യൂറോപ്പ്, ചൈന എന്നീ രാജ്യങ്ങളിലെ ക്രിസ്തുസഭയെയും സഭാശക്തികളെയും തകർത്തു തരിപ്പണമാക്കാൻ പ്രയോഗിച്ച പടുകൂറ്റൻ അണുബോംബ്! കേരള കത്തോലിക്കാസഭയെയും മയ്യത്താക്കും. പ്രതിരോധിക്കാൻ പറ്റില്ല! ഭരണപക്ഷ - പ്രതിപക്ഷരാഷ്ട്രീയപാർട്ടികളെ പരാമർശിച്ചോ കത്തോലിക്കാസഭയുടെ അടിയന്തിരാവശ്യങ്ങളെ സംബന്ധിച്ചോ ഏതെങ്കിലും മെത്രാൻ ഒറ്റക്കോ ഏതാനും മെത്രാന്മാർ സംയുക്തമായോ പ്രസ്താവനയിറക്കുക അവിവേകമായിരിക്കും. അപകടമായിരിക്കും. അങ്ങനെ എപ്പോഴെങ്കിലും പ്രഖ്യാപിക്കുക അനിവാര്യമായി ഭവിച്ചാൽ കെ. സി. ബി. സി. സമ്മേളിക്കണം. പരിശുദ്ധാത്മാവിൽ ചിന്തിക്കണം. ക്രിസ്തുവിന്റെ പ്രബോധനം സഭയുടെ തീരുമാനമായി കെ. സി. ബി. സി. പ്രഘോഷിക്കണം. തെറ്റ് പറ്റില്ല. ലജ്ജിക്കേണ്ടി വരില്ല. "നീതിയും അനീതിയും തമ്മിൽ എന്തു പങ്കാളിത്തമാണുള്ളത്; പ്രകാശത്തിന് അന്ധകാരവുമായി എന്തു കൂട്ടുകെട്ടാണുള്ളത് (2 Car 6/14)

- ഫാദർ റാഫേൽ ചിറ്റിലപ്പിള്ളി
Priest's Sanatorium, J. M. M. Hospital,
Thope, Thrissur - 680 005,
Ph : 2424093

27.07.2005

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## ഫാദർ റാഫേൽ ചിറ്റിലപ്പിള്ളിയുടെ കൃതികൾ

1. പൊലിയാത്ത പ്രണയം
2. അഗ്നിയിൽ വളർന്ന പാപ്പാ
3. ഞങ്ങളിലില്ല ക്രൈസ്തവരക്തം
4. ഞാൻ കണ്ട ഫാദർ വടക്കൻ
5. വിശുദ്ധ യൗസേപ്പിതാവ്
6. നല്ല ഇടയനും ആടുകളും
7. ന്യൂനപക്ഷ കലാലയങ്ങൾ അട്ടിമറിക്കാൻ നോക്കേണ്ട

Santhibhavan Offset -Tcr ✆ 2428601

Christian Musicological Society of India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS